

## ഖുർആൻ ബോധനം

പൂർവികർ ആചരിച്ചിരുന്നു എന്നതുമാത്രം ഒരു കാര്യം സത്യവും ധർമവുമാകുന്നതിന് തെളിവാണെന്ന നിലപാടിനെ അസന്ദിഗ്ധമായി തള്ളിക്കളയുകയാണ് ഇബ്‌റാഹീം നബി. ബുദ്ധിയുടെയും പ്രകൃതിയുടെയും ഉരകല്ലിൽ ഉരച്ചുനോക്കി വേണം ഏതു കാര്യത്തിന്റെയും ധാർമികതയും നൈതികതയും തീരുമാനിക്കാൻ.

▸ എ.വൈ.ആർ

### സൂറ-21

# അൽഅമ്പിയാഅ്

إِذْ قَالَ لِأَبِيهِ وَقَوْمِهِۦ مَا هَٰذِهِ ٱلتَّمَاثِيلُ ٱلَّتِىٓ أَنتُمْ لَهَا عَٰكِفُونَ ﴿٥٢﴾

**52.** ഇബ്‌റാഹീം സ്വന്തം പിതാവിനോടും ജനത്തോടും ചോദിച്ച സംഭവം ഓർക്കുക: 'നിങ്ങൾ പൂജിക്കുന്ന ഈ പ്രതിമകൾ എന്താകുന്നു?'

قَالُوا۟ وَجَدْنَآ ءَابَآءَنَا لَهَا عَٰبِدِينَ ﴿٥٣﴾

**53.** അവർ പറഞ്ഞു: 'പൂർവ പിതാക്കൾ ഇവയെ ആരാധിച്ചുവന്നതായി ഞങ്ങൾ കണ്ടിട്ടുണ്ടല്ലോ.'

قَالَ لَقَدْ كُنتُمْ أَنتُمْ وَءَابَآؤُكُمْ فِى ضَلَٰلٍ مُّبِينٍ ﴿٥٤﴾

**54.** അദ്ദേഹം പ്രസ്താവിച്ചു: എങ്കിൽ തീർച്ചയായും നിങ്ങളും നിങ്ങളുടെ പൂർവ പിതാക്കളും തെളിഞ്ഞ വഴികേടിലാകുന്നു.

قَالُوٓا۟ أَجِئْتَنَا بِٱلْحَقِّ أَمْ أَنتَ مِنَ ٱللَّٰعِبِينَ ﴿٥٥﴾

**55.** ജനം ചോദിച്ചു: നീ കാര്യമായിട്ട് സംസാരിക്കുകയാണോ, അതോ തമാശ പറയുകയോ?

قَالَ بَل رَّبُّكُمْ رَبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ ٱلَّذِى فَطَرَهُنَّ وَأَنَا۠ عَلَىٰ ذَٰلِكُم
مِّنَ ٱلشَّٰهِدِينَ ﴿٥٦﴾

**56.** ഇബ്‌റാഹീം പറഞ്ഞു: 'തമാശയല്ല. യഥാർഥത്തിൽ നിങ്ങളുടെ വിധാതാവ് ആകാശഭൂമികളുടെ വിധാതാവാകുന്നു; അവയെ സൃഷ്ടിച്ചവൻ. അതിനു ഞാൻ നിങ്ങൾക്ക് സാക്ഷിയാകുന്നു.

وَتَٱللَّهِ لَأَكِيدَنَّ أَصْنَٰمَكُم بَعْدَ أَن تُوَلُّوا۟ مُدْبِرِينَ ﴿٥٧﴾

**57.** അല്ലാഹുവാണ, ഞാൻ നിങ്ങളുടെ വിഗ്രഹങ്ങളോടൊരു സൂത്രം പ്രയോഗിക്കുന്നുണ്ട്; നിങ്ങൾ പിരിഞ്ഞുപോയ ശേഷം.

فَجَعَلَهُمْ جُذَٰذًا إِلَّا كَبِيرًا لَّهُمْ لَعَلَّهُمْ إِلَيْهِ يَرْجِعُونَ ﴿٥٨﴾

**58.** ജനം സ്ഥലം വിട്ടപ്പോൾ ഇബ്‌റാഹീം വിഗ്രഹങ്ങൾ തുണ്ടംതുണ്ടമാക്കിയിട്ടു. അവയിൽ പെരിയതിനെയൊഴിച്ച്; ജനം അവനിലേക്കു മടങ്ങാൻ.

## 52

സ്വന്തം പിതാവിനോടും ജനത്തോടും =لِأَبِيهِ وَقَوْمِهِۦ അദ്ദേഹം പറഞ്ഞത് (ചോദിച്ച സംഭവം ഓർക്കുക) =إِذْ قَالَ

ഈ പ്രതിമകൾ എന്താകുന്നു =مَا هَٰذِهِ ٱلتَّمَاثِيلُ

നിങ്ങൾ (പൂജിക്കുന്ന) അതിന്ന് ആരാധിക്കുന്നവരായിട്ടുള്ള =ٱلَّتِىٓ أَنتُمْ لَهَا عَٰكِفُونَ

ഇബ്റാഹീ(അ)മിന്റെ വിഗ്രഹഭഞ്ജന കഥ അനുസ്മരിക്കുകയാണിനി. അദ്ദേഹത്തിന്റെ പിതാവ് ആസർ ദേശത്തെ ക്ഷേത്രത്തിലെ പ്രധാന പൂജാരിയായിരുന്നു. നാട്ടിലെ തന്നെ പ്രധാന പുരോഹിതനായിരുന്നുവെന്നും പ്രസ്താവമുണ്ട്. വിഗ്രഹനിർമാതാവും അതിന്റെ കച്ചവടക്കാരനുമായിരുന്നുവെന്നാണ് ചില നിവേദനങ്ങൾ. പിതാവ് നിർമിക്കുന്ന വിഗ്രഹങ്ങൾ ചുമന്നുകൊണ്ടുപോയി ചന്തയിൽ വിൽക്കാൻ ഇബ്റാഹീമിനെ(അ) ഏൽപിച്ചിരുന്നതായും പറയപ്പെടുന്നു. ഒരിക്കൽ അദ്ദേഹം പിതാവിനോടും ആളുകളോടും ചോദിച്ചു: നിങ്ങൾ പൂജിച്ചുകൊണ്ടിരിക്കുന്ന ഈ വിഗ്രഹങ്ങളുടെ യാഥാർഥ്യമെന്താണ്? പ്രപഞ്ചത്തിന്റെ സൃഷ്ടിയിലും നടത്തിപ്പിലും അവക്കു വല്ല പങ്കുമുണ്ടോ? നിങ്ങൾക്ക് ഉപകാരമോ അപകാരമോ ചെയ്യാൻ കഴിവുള്ളവരാണോ അവ? അതൊക്കെ ഉണ്ടെന്നാണെങ്കിൽ അതിനെന്താണ് തെളിവ്? ഇല്ലെങ്കിൽ പിന്നെ നിങ്ങളവയെ പൂജിക്കുന്നതിൽ എന്തർഥമാണുള്ളത്? സൂറഃ *അശ്ശുഅറാഅ്* 72, 73 സൂക്തങ്ങളിൽ ഇബ്റാഹീം ഇങ്ങനെ കൂടി ചോദിച്ചതായി ഉദ്ധരിക്കുന്നുണ്ട്:

قَالَ هَلْ يَسْمَعُونَكُمْ إِذْ تَدْعُونَ ﴿٧٢﴾ أَوْ يَنفَعُونَكُمْ أَوْ يَضُرُّونَ ﴿٧٣﴾

"നിങ്ങൾ പ്രാർഥിക്കുമ്പോൾ അവ നിങ്ങളുടെ പ്രാർഥന കേൾക്കുന്നുണ്ടോ? അല്ലെങ്കിൽ നിങ്ങൾക്കവ ഉപകാരമോ അപകാരമോ ചെയ്യുന്നുണ്ടോ?"

മൂലത്തിലെ تماثيل തിംസാലിന്റെ ബഹുവചനമാണ്. تمثال ഭാഷാർഥത്തിൽ പ്രതിമയാണ്. പൂജിക്കപ്പെടുന്ന വിഗ്രഹത്തിനും (صنم) ഈ പദം ഉപയോഗിക്കും. ഇബ്റാഹീം(അ) ആളുകളോട് നിങ്ങൾ ആരാധിക്കുന്ന تماثيل എന്നുപറയുന്നത് ഭാഷാർഥത്തിൽ തന്നെ ആയിരിക്കണം. 'അവയെ വെറും പ്രതിമകളായിട്ടേ ഞാൻ കാണുന്നുള്ളൂ' എന്ന ധ്വനിയുണ്ടതിൽ. ആരാധനാർഥം വസിച്ചു അഥവാ ഭജനമിരുന്നു എന്ന അർഥത്തിലുള്ള عكف യുടെ ബഹുവചന കർതൃപദമാണ് عاكفون. ആരാധനാർഥം പള്ളിയിൽ വസിക്കുന്നതിന് اعتكاف എന്നുപറയും. വിഗ്രഹാരാധകരായി വാഴുന്ന ജനങ്ങളെക്കുറിച്ച് قَوْمٍ يَعْكُفُونَ عَلَىٰٓ أَصْنَامٍ എന്ന് *അൽഅഅ്റാഫ്* 138-ാം സൂക്തത്തിൽ പറഞ്ഞിട്ടുണ്ട്. ഇതേ ആശയം തന്നെയാണ് أَنتُمْ لَهَا عَٰكِفُونَ എന്ന വാക്യത്തിനുമുള്ളത്. ഒരു സംഗതിയിൽ ചടഞ്ഞുകൂടുന്നതിനും عكف എന്നുപറയും. تماثيل എന്ന പ്രയോഗത്തിൽ വിഗ്രഹങ്ങളോടുള്ള അവഗണന ധ്വനിപ്പിക്കുന്നതുപോലെ عاكفون ൽ പിതാവിന്റെയും ജനങ്ങളുടെയും മൗഢ്യവും ധ്വനിപ്പിക്കുന്നുണ്ട്. ■

## 53

ഞങ്ങളുടെ (പൂർവ) പിതാക്കളെ =ءَابَآءَنَا ഞങ്ങൾ കണ്ടു(ണ്ടിട്ടുണ്ടല്ലോ) =وَجَدْنَآ അവർ പറഞ്ഞു =قَالُوا۟

അവയെ ആരാധി(ച്ചു വന്നതായി)ക്കുന്നവരായിട്ട് =لَهَا عَٰبِدِينَ

ഇബ്റാഹീ(അ)മിന്റെ ചോദ്യത്തിനു മുമ്പിൽ യഥാർഥത്തിൽ ജനം ഉത്തരം മുട്ടുകയായിരുന്നു. തങ്ങളുടെ ആരാധ്യർക്ക് പ്രപഞ്ച സൃഷ്ടിയിലോ സംവിധാനത്തിലോ, പങ്കുണ്ടെന്നോ തങ്ങൾക്ക് ഗുണദോഷങ്ങൾ ചെയ്യാൻ കഴിവുണ്ടെന്നോ സ്ഥാപിക്കാവുന്ന ഒരു തെളിവും അവരുടെ കൈവശമില്ല. അതുകൊണ്ട് ഇത്തരം മൂഢവിശ്വാസങ്ങളും ആചാരങ്ങളും പിന്തുടരുന്നവർ എക്കാലത്തും ഏറ്റവും വലിയ ന്യായമായി പറയാറുള്ള കാര്യം തന്നെ അവരും പറഞ്ഞു. ഇതു പൂർവകാലം മുതലേ തുടർന്നുവന്നിട്ടുള്ള ആചാരവും അനുഷ്ഠാനവുമാണ്. അതിനെ ചോദ്യം ചെയ്യുന്നത് ദൈവനിന്ദ മാത്രമല്ല പിതൃനിന്ദയും കൂടിയാണ്. സ്വന്തം പിതാക്കളോട് ആദരവും കൂറുമുള്ളവർ ഒരിക്കലും അവരുടെ വിശ്വാസത്തെയും ആചാരത്തെയും തള്ളിപ്പറയില്ല. ഒരു കാര്യം സത്യവും വിശിഷ്ട ധർമവുമാണെന്നതിന്റെ അനിഷേധ്യമായ തെളിവാണ് അത് പൂർവികരുടെ പൈതൃകമാകുന്നു എന്നത്. ഇതിന്റെ വക്താക്കൾ ഇക്കാലത്ത് തങ്ങളുടെ നിലപാടിനെ ദേശീയ ബോധത്തിന്റെയും ദേശസ്നേഹത്തിന്റെയും പര്യായമാക്കിയിരിക്കുന്നു. പൂർവികർ പുലർത്തിപ്പോന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അംഗീകരിക്കാത്തവർ ദേശീയ ബോധമില്ലാത്തവരും രാജ്യത്തോടു കൂറില്ലാത്തവരുമായി മുദ്രയടിക്കപ്പെടുന്നു. ഈയടിസ്ഥാനത്തിൽ നമ്മുടെ നാട്ടിൽ പഴയ അനാചാരങ്ങൾ ഓരോന്നോരോന്നായി ഉയിർത്തെഴുന്നേൽപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അവയിൽ വിശ്വാസമില്ലാത്തവരുടെ രാജ്യസ്നേഹവും കൂറും ചോദ്യം ചെയ്യപ്പെടുന്നു. അത്തരക്കാർ അക്രമിക്കപ്പെടുന്നതും സാധാരണമാണ്. ■

## 54

നിങ്ങളുടെ (പൂർവ)പിതാക്കളും =وَءَابَآؤُكُمْ തീർച്ചയായും നിങ്ങൾ =لَقَدْ كُنتُمْ أَنتُمْ അദ്ദേഹം പ്രസ്താവിച്ചു =قَالَ

തെളിഞ്ഞ =مُّبِينٍ പിഴയിൽ, വഴികേടിൽ ആകുന്നു =فِى ضَلَٰلٍ

തന്റെ ചോദ്യം പൂർവികരോടും അവരുടെ പൈതൃകമായ ദേശീയ മൂല്യങ്ങളോടുമുള്ള അനാദരവും അപകടകരവുമാണെന്ന ജനങ്ങളുടെ നിലപാടിനെ അവഗണിച്ചുകൊണ്ട് ഇബ്റാഹീം(അ) ഉറച്ചസ്വരത്തിൽ തന്റെ നിലപാട് വ്യക്ത

മാക്കി: എങ്കിൽ നിർജീവമായ പ്രതിമകളെ ദൈവമാക്കി ആരാധിക്കുന്ന നിങ്ങളും, ആ പൈതൃകം നിങ്ങൾക്കു സമ്മാനിച്ച പൂർവികരും സ്പഷ്ടമായും വഴിപിഴച്ചു പോയിരിക്കുന്നു. *അശ്ശുഅറാഅ്* 77-ാം സൂക്തം, ഇബ്റാഹീം(അ) فَإِنَّهُمْ عَدُوٌّ لِّيٓ അവരൊക്കെയും എനിക്ക് വിരോധികളാകുന്നു-എന്നു കൂടി പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നുണ്ട്. പൂർവികർ ആചരിച്ചിരുന്നു എന്നതുമാത്രം ഒരു കാര്യം സത്യവും ധർമവുമാകുന്നതിന് തെളിവാണെന്ന നിലപാടിനെ അസന്ദിഗ്ധമായി തള്ളിക്കളയുകയാണദ്ദേഹം. ബുദ്ധിയുടെയും പ്രകൃതിയുടെയും ഉരകല്ലിൽ ഉരച്ചുനോക്കി വേണം ഏതു കാര്യത്തിന്റെയും ധാർമികതയും നൈതികതയും തീരുമാനിക്കാൻ. ഞങ്ങൾക്ക് ഞങ്ങളുടെ പൂർവ പിതാക്കളുടെ ആചാരങ്ങൾ മതി എന്നുപറയുന്ന അവിശ്വാസികളോട് സൂറഃ *അൽമാഇദ* 104-ാം സൂക്തം, أَوَلَوْ كَانَ ءَابَآؤُهُمْ لَا يَعْلَمُونَ شَيْـًٔا وَلَا يَهْتَدُونَ- പൂർവികർ യാതൊന്നും അറിഞ്ഞികൂടാത്തവരും സന്മാർഗം പ്രാപിക്കാത്തവരുമാണെങ്കിലും ഇക്കൂട്ടർ അവരെത്തന്നെ പിൻപറ്റുമെന്നോ?-എന്നു ചോദിക്കുന്നത് ഈയടിസ്ഥാനത്തിലാണ്. യൗവന കാലത്ത് സ്വന്തം പിതാവടക്കമുള്ള മുതിർന്നവരോട് ഇത്ര ബുദ്ധിപൂർവം സംവദിക്കാൻ തയാറായ ഇബ്റാഹീ(അ)മിന്റെ ധൈര്യവും തന്റേടവും അല്ലാഹു അദ്ദേഹത്തിനരുളിയ സവിശേഷമായ رشد ന്റെ ഭാഗമാണ്. ■

**55**

قَالُوٓاْ= അവർ പറഞ്ഞു(ജനം ചോദിച്ചു) أَجِئْتَنَا= നീ ഞങ്ങളുടെയടുത്ത് വന്നിരിക്കയാണോ (സംസാരിക്കുകയാണോ)

بِالْحَقِّ= സത്യം കൊണ്ട് (കാര്യമായിട്ട്) أَمْ أَنتَ= അതോ നീ

مِنَ اللَّٰعِبِينَ= വിനോദിക്കുന്നവരിൽ പെട്ടവനോ(തമാശ പറയുകയാണോ)

ഗൗരവബുദ്ധ്യാ ചിന്തിച്ചുറച്ച കാര്യമെന്നാണ് ഇവിടെ حقّ ന്റെ താൽപര്യം. സമകാലീന സമൂഹവും അവരുടെ പൂർവികരുമൊക്കെ തന്റെ വിരോധികളാണെന്ന് ഒരു ചെറുപ്പക്കാരൻ വെട്ടിത്തുറന്ന് പ്രസ്താവിക്കുക എന്നത് ജനത്തിന് വിശ്വസിക്കാനാവാത്ത കാര്യമാണ്. ഇവൻ ചെറുപ്പത്തിന്റെ ചോരത്തിളപ്പിൽ എന്തൊക്കെയോ വിളിച്ചുപറയുന്നുവെന്നാണവർ സംശയിക്കുന്നത്. അതുകൊണ്ട് 'നീ കാര്യമായിത്തന്നെ സംസാരിക്കുകയാണോ അതോ തമാശ പറയുകയാണോ' എന്നാരായുകയാണവർ. ഉത്തരം പറയാനാവാത്ത ചോദ്യങ്ങൾ നേരിടേണ്ടിവരുമ്പോൾ തമാശയായി ചിരിച്ചുതള്ളുക, അത്തരം ചോദ്യങ്ങൾ ജനമനസ്സിൽ സ്വാധീനം നേടുന്നത് തടയാനുള്ള പ്രതിയോഗികളുടെ ഒരടവു കൂടിയാണ്. ഈ സംവാദം നടക്കുന്ന കാലത്ത് ഇബ്റാഹീം(അ) കേവലം ഒരു ബാലനായിരുന്നു എന്ന് ചിലർ പറയുന്നുണ്ട്. എന്നാൽ അന്ന് അദ്ദേഹം ഒരു യുവാവായിരുന്നുവെന്ന് ഈ സൂറഃയിലെ 60-ാം സൂക്തം വ്യക്തമാക്കുന്നു. വിഗ്രഹങ്ങളെക്കുറിച്ചുള്ള ഇബ്റാഹീമിന്റെ ഭാഷണത്തെക്കുറിച്ച് ജനങ്ങൾ പറയുന്നത് سَمِعْنَا فَتًى يَذْكُرُهُمْ يُقَالُ لَهُۥٓ إِبْرَٰهِيمُ-ഇബ്റാഹീം എന്നു വിളിക്കപ്പെടുന്ന ഒരു യുവാവ് ഈ ദൈവങ്ങളെ വിമർശിക്കുന്നത് ഞങ്ങൾ കേട്ടിരിക്കുന്നു." എന്നാണ്. ■

**56-57**

قَالَ= അദ്ദേഹം (ഇബ്റാഹീം) പറഞ്ഞു بَل= (തമാശ) അല്ല رَّبُّكُمْ= (യഥാർഥത്തിൽ) നിങ്ങളുടെ വിധാതാവ്

رَبُّ السَّمَٰوَٰتِ وَالْأَرْضِ= ആകാശങ്ങളുടെയും ഭൂമിയുടെയും വിധാതാവാകുന്നു

الَّذِى فَطَرَهُنَّ= അവയെ സൃഷ്ടിച്ചവ(ൻ)നായ وَأَنَا= ഞാൻ عَلَىٰ ذَٰلِكُم= അതിന്മേൽ നിങ്ങളുടെ മുന്നിൽ

مِّنَ الشَّٰهِدِينَ= സാക്ഷികളിൽ പെട്ടവൻ ആകുന്നു وَتَاللَّهِ= അല്ലാഹുവാണ

لَأَكِيدَنَّ= തീർച്ചയായും ഞാൻ സൂത്രം പ്രയോഗിക്കുന്നുണ്ട് أَصْنَٰمَكُم= നിങ്ങളുടെ വിഗ്രഹങ്ങളോട്

بَعْدَ أَن تُوَلُّواْ= നിങ്ങൾ തി(പി)രിഞ്ഞുപോയ ശേഷം مُدْبِرِينَ= പിന്തിരിഞ്ഞവരായി

ഇബ്റാഹീം(അ) സത്യപ്രബോധനത്തിന്റെ ഒരു ചുവടു കൂടി മുന്നോട്ടുവെച്ചുകൊണ്ട് അവർക്കു മറുപടി കൊടുത്തു: ഞാൻ തമാശ പറയുകയല്ല കാര്യമായിത്തന്നെ സംസാരിക്കുകയാണ്. നിങ്ങൾ ആരാധിക്കുന്ന ഈ വിഗ്രഹങ്ങളൊന്നും നിങ്ങളുടെ രക്ഷകനോ പരിപാലകനോ അല്ല. വാനലോകവും ഭൂലോകവും അഥവാ ഈ പ്രപഞ്ചസാകല്യം സൃഷ്ടിച്ചുപരിപാലിച്ചുകൊണ്ടിരിക്കുന്നവനാരോ അവൻ മാത്രമാകുന്നു നിങ്ങളുടെ രക്ഷകനും പരിപാലകനും. ആ സർവലോക വിധാതാവിനെ ആരാധിക്കാനാണ് നിങ്ങളെ ക്ഷണിക്കുന്നത്. പ്രബോധനം ചെയ്യുന്നവൻ, ആഹ്വാനം ചെയ്യുന്നവൻ എന്ന അർഥത്തിലാണ് ഇവിടെ شاهد-സാക്ഷി എന്ന പദം ഉപയോഗിച്ചിരിക്കുന്നത്. പ്രബോധനം ഉദ്ദേശിച്ച് മറ്റു ചില സ്ഥലങ്ങളിലും ഖുർആൻ شهادة ഉപയോഗിച്ചതായി കാണാം. ഒരുകാര്യം സാക്ഷ്യപ്പെടുത്തുക എന്നാൽ അത് ശരിയും സത്യവുമാണെന്ന് ബോധ്യപ്പെടുത്തലാണല്ലോ. സൂത്രം, തന്ത്രം തുടങ്ങി പ്രതിയോഗിയെ തോൽപിക്കാൻ സ്വീകരിക്കുന്ന അടവുകളാണ് كيد. വിഗ്രഹങ്ങൾ ദൈവങ്ങളല്ല എന്നു പ്രഖ്യാപിച്ചതോടൊപ്പം നിങ്ങൾ ക്ഷേത്രത്തിൽനിന്ന് പിരിഞ്ഞുപോയശേഷം അക്കാര്യം നിങ്ങളെ ബോധ്യപ്പെടുത്താൻ ഞാനൊരു സൂത്രം പ്രയോഗിക്കാൻ പോകുന്നു എന്നുകൂടി അദ്ദേഹം ജനങ്ങളെ അറിയിച്ചു. അത് ഒരു വെറുംവർത്തമാനമായിരുന്നില്ല, അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ടുള്ള പ്രതിജ്ഞ തന്നെയായിരുന്നുവെന്നാണ്

تَٱللَّهِ എന്ന വാക്ക് സൂചിപ്പിക്കുന്നത്. ആളുകൾ കേൾക്കാത്ത വണ്ണം രഹസ്യമായിട്ടാണിതു പറഞ്ഞതെന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്. കൂട്ടത്തിൽ ഒരാൾ മാത്രം കേട്ടുവെന്നും പ്രസ്താവമുണ്ട്. എന്നാൽ നിങ്ങൾ പിരിഞ്ഞുപോയ ശേഷം-بَعْدَ أَن تُوَلُّواْ مُدْبِرِينَ-എന്ന വാക്യത്തിൽനിന്നു മനസ്സിലാകുന്നത് ഇതാണ്: ഇബ്റാഹീം നബിയുടെ ഈ പ്രതിജ്ഞ ജനങ്ങളുമായി നടത്തിയ സുദീർഘമായ സംവാദത്തിന്റെ സമാപനമായിരുന്നു. വിഗ്രഹങ്ങളുടെ സാന്നിധ്യത്തിൽ, മിക്കവാറും ദേവാലയത്തിൽ ഏതോ പൊതുവായ അനുഷ്ഠാനം നടക്കുമ്പോഴായിരിക്കണം സംവാദം നടന്നത്. ഇബ്റാഹീ(അ) എത്രയൊക്കെ പറഞ്ഞിട്ടും വിഗ്രങ്ങളുടെ ബലഹീനതയും അചേതനത്വവും അംഗീകരിക്കാൻ ജനം കൂട്ടാക്കിയില്ല. അവയുടെ ഊറ്റമേറിയ ദിവ്യഗുണങ്ങളാണ് തങ്ങളുടെ ഭാഗധേയം നിർണയിക്കുന്നതെന്ന വാദത്തിൽ അവർ ശഠിച്ചുനിന്നു. ഒടുവിൽ ഇബ്റാഹീം(അ) പറയുകയാണ്: "ഞാൻ പറഞ്ഞതൊന്നും സ്വീകാര്യമാകുന്നില്ലെങ്കിൽ, നിങ്ങളിവിടെ നിന്നു പിരിഞ്ഞുപോയാൽ ഞാനീ വിഗ്രഹങ്ങളിൽ ഒരു സൂത്രം പ്രയോഗിക്കുന്നുണ്ട്; ഇവ കേവലം ദുർബലവും അചേതനവുമായ പദാർഥങ്ങളാണെന്ന് അതു നിങ്ങളെ സംശയലേശമെന്യെ ബോധ്യപ്പെടുത്തും." പക്ഷേ കേട്ടവരൊന്നും അതു കാര്യമാക്കിയില്ല. താൻ ചെയ്യാൻ പോകുന്നതെന്താണെന്ന് ഇബ്റാഹീം(അ) വ്യക്തമാക്കിയതുമില്ല. ഒരു അടവ് പ്രയോഗിക്കും لَأَكِيدَنَّ എന്നു മാത്രമേ അദ്ദേഹം പറഞ്ഞുള്ളൂ. പിന്നെ ജനം അവിടം വിട്ടുപോയി. ക്ഷേത്രത്തിലെ ചടങ്ങിനോടനുബന്ധിച്ച് പുറത്ത് ഒരു മേള നടക്കുന്നുണ്ടായിരുന്നു. അതിലേക്കാണ് ജനങ്ങൾ പോയതെന്നു പ്രസ്താവമുണ്ട്. മേള കഴിഞ്ഞ് അവർ വീണ്ടും ക്ഷേത്രത്തിലെത്തേണ്ടതുമുണ്ടായിരുന്നുവത്രെ. മേളക്കു പോകുമ്പോൾ ഇബ്റാഹീമിനെയും വിളിച്ചെങ്കിലും അദ്ദേഹം അവരോടൊപ്പം പോയില്ല. 'എനിക്കു സുഖമില്ല- إِنِّى سَقِيمٌ -എന്നു പറഞ്ഞ് ഒഴിഞ്ഞുമാറി എന്നാണ് *അസ്സ്വാഫ്ഫാത്ത്* 89-ാം സൂക്തം പറയുന്നത്. വിഗ്രഹഭഞ്ജനത്തിന് അവസരം കിട്ടാൻ വേണ്ടി അദ്ദേഹം ഒരു കളവു പറഞ്ഞതാണിതെന്ന് ചിലർ അനുമാനിക്കുന്നു. പ്രവാചകൻ കള്ളം പറയുമോ എന്ന ചോദ്യത്തെ നേരിടാൻ, പ്രവാചകത്വം ലഭിക്കുന്നതിന് മുമ്പ് ഇബ്റാഹീമി(അ)ന്റെ കുട്ടിക്കാലത്താണ് സംഭവം നടന്നതെന്നും പറയുന്നു. ഈ സംവാദത്തിന്റെ തലേന്നുവരെ അദ്ദേഹം രോഗം ബാധിച്ചുകിടപ്പിലായിരുന്നതിനാൽ ഇപ്പറഞ്ഞതു കളവാകുന്നില്ല എന്നാണ് വേറൊരഭിപ്രായം. സംഭവം നടക്കുമ്പോൾ ഇബ്റാഹീ(അ)മിന്ന് യാതൊരസുഖവുമുണ്ടായിരുന്നില്ല എന്ന് തെളിയിക്കപ്പെട്ടിട്ടില്ല. ആ സ്ഥിതിക്ക് ഇത്തരം വ്യാഖ്യാനങ്ങളെല്ലാം അനാവശ്യമാകുന്നു. മാനസികമായി പൊരുത്തപ്പെടാനാവാത്ത സംഗതിയിൽ പങ്കെടുക്കേണ്ടിവരുന്നതും ഒരാൾക്ക് അസുഖകരമാണല്ലോ. ■

**58**

فَجَعَلَهُمْ جُذَاذًا= അവരെ തുണ്ടങ്ങളാക്കി(ജനം സ്ഥലം വിട്ടപ്പോൾ ഇബ്റാഹീം വിഗ്രഹങ്ങൾ തുണ്ടം തുണ്ടമാക്കിയിട്ടു) إِلَّا كَبِيرًا لَّهُمْ= അവരിൽ പെരിയതിനെ ഒഴിച്ച് لَعَلَّهُمْ إِلَيْهِ يَرْجِعُونَ= അവർ അവനിലേക്ക് മടങ്ങാൻ

ഇതായിരുന്നു ഇബ്റാഹീം(അ) മനസ്സിലൊളിപ്പിച്ച സൂത്രം: ദേവാലയത്തിൽ മഹാപ്രതിഷ്ഠയും അതിനു ചുറ്റും കുറെ ചെറിയ പ്രതിഷ്ഠകളുമുണ്ടായിരുന്നു. അതിൽ മഹാപ്രതിഷ്ഠയൊഴിച്ചുള്ളവയെയെല്ലാം അദ്ദേഹം ഉടച്ചു തുണ്ടംതുണ്ടമാക്കി. മഴു കൊണ്ട് വെട്ടിനുറുക്കുകയായിരുന്നുവെന്നാണ് കഥകളിൽ പറയുന്നത്. جذّ (നുറുക്കി)യിൽ നിന്നുള്ള جذّ (നുറുക്ക്)ന്റെ ബഹുവചനമാണ് മൂലത്തിലുള്ള جذاذ. ഉഛിഷ്ടം, ശകലങ്ങൾ എന്നുകൂടി ഇതിനർഥമുണ്ട്. എല്ലാറ്റിനെയും വെട്ടിനുറുക്കി ചവറാക്കിയ ശേഷം മഴു മുഖ്യവിഗ്രഹത്തിന്റെ കഴുത്തിൽ തൂക്കിയിടുകയായിരുന്നുവത്രെ. മുഖ്യവിഗ്രഹത്തെ ഉടക്കാതെ നിർത്തിയത്, ആളുകൾ വന്ന് ഉപദൈവങ്ങളുടെ ദുരവസ്ഥ കാണുമ്പോൾ അതെക്കുറിച്ച് മുഖ്യദൈവത്തോട് അന്വേഷിക്കാനാണെന്നാണ് لَعَلَّهُمْ إِلَيْهِ يَرْجِعُونَ എന്ന വാക്യം സൂചിപ്പിക്കുന്നതെന്ന് വ്യാഖ്യാതാക്കൾ പൊതുവിൽ അഭിപ്രായപ്പെട്ടിരിക്കുന്നു. ഉപദൈവങ്ങൾ വെട്ടിനുറുക്കപ്പെടുകയും മഹാദേവൻ കഴുത്തിൽ മഴുവുമായി നിലകൊള്ളുകയും ചെയ്യുന്നതു കാണുമ്പോൾ മഹാദേവന്റെ വകയാണ് ഈ സംഹാര നടപടിയെന്ന് ആളുകൾ കരുതിക്കൊള്ളും. എന്തിനാണിതു ചെയ്തതെന്ന് അവർ മഹാദേവനോട് അന്വേഷിക്കുകയും ചെയ്യും. മഹാദേവൻ മിണ്ടില്ലല്ലോ. അപ്പോൾ തനിക്കിടപെട്ട് വിഗ്രഹങ്ങളുടെ അവശതയും അചേതനത്വവും ജനങ്ങളെ ബോധ്യപ്പെടുത്താം. ദേവാലയങ്ങളിൽ അനിഷ്ടങ്ങളുണ്ടായാൽ കാരണമറിയാൻ ദേവപ്രശ്നം നടത്തുന്ന സമ്പ്രദായം അക്കാലത്ത് അവിടെ ഉണ്ടായിരുന്നില്ലായിരിക്കാം. പിൽക്കാലത്ത് പുരോഹിതന്മാർ ആവിഷ്കരിച്ച ഒരു തട്ടിപ്പാണല്ലോ ഇത്. അന്നും ഈ തട്ടിപ്പ് സമ്പ്രദായം ഉണ്ടായിരുന്നാലും ഇക്കാലത്തെപ്പോലെ ദേവാലയങ്ങളിൽ അക്രമം കാണിച്ചവരെ കണ്ടെത്താനോ മോഷ്ടാക്കളെ പിടികൂടാനോ ഒന്നും അതുകൊണ്ട് കഴിയില്ലല്ലോ. ശ്രീകോവിലിൽ അധഃകൃതൻ പ്രവേശിച്ചു അല്ലെങ്കിൽ മഹാദേവ പ്രതിഷ്ഠയെ സ്ത്രീജനങ്ങൾ സ്പർശിച്ചു, തത്ഫലമായി വിഗ്രഹത്തിന്റെ ദൈവചൈതന്യം നഷ്ടപ്പെടുകയോ ക്ഷയിക്കുകയോ ചെയ്തിരിക്കുന്നു, അതിന് ഇന്നിന്ന പരിഹാര കർമങ്ങൾ ചെയ്യണം എന്നൊക്കെയായിരിക്കും ദേവപ്രശ്നം നടത്തുന്നവരുടെ കണ്ടെത്തലുകൾ. അക്രമിയെ കണ്ടെത്താനും പിടികൂടാനും ഭക്തജനങ്ങൾ പോലീസിനെ തന്നെ സമീപിക്കണം. ഈ അന്വേഷണത്തെയാണ് ഇബ്റാഹീം(അ) തന്റെ ദൗത്യത്തിന് ഉപയോഗപ്പെടുത്താനുദ്ദേശിച്ചത്.

لَعَلَّهُمْ إِلَيْهِ يَرْجِعُونَ എന്ന വാക്യം അവർ അവനിലേക്ക് (ഇബ്റാഹീമിലേക്ക്) മടങ്ങാൻ എന്ന അർഥത്തിലും മനസ്സിലാക്കപ്പെട്ടിട്ടുണ്ട്. ഈ അർഥകൽപനയും സംഗതമാണെന്ന് ഇമാം റാസിയും ഖുർതുബിയും പറഞ്ഞിരിക്കുന്നു. നേരത്തെ ഇബ്റാഹീം(അ) വിഗ്രഹങ്ങളെ വിമർശിക്കുന്നത് ചിലയാളുകൾ കേട്ടിട്ടുണ്ടല്ലോ. അതുകൊണ്ട് ജനം സ്വാഭാവികമായും തന്നെ സംശയിച്ചുകൊള്ളുമെന്ന് അദ്ദേഹം കരുതി. സംഭവിച്ചതും അതാണല്ലോ. ■